**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6499** **20-03-2023 - ൽ മറുപടിയ്ക്ക്**

**നഗരങ്ങളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ മുഴുവൻ സമയ ജലവിതരണം സാധ്യമാക്കുന്നതിനായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെയുള്ള പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതിയും ആയത് എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നുമുള്ള വിശദാംശവും ലഭ്യമാക്കുമോ; | (എ) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെൻറ് പ്രോജക്റ്റ് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ നൽകിയിട്ടുണ്ട്. ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്.<br>പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയും വിധമാണ്.<br><br>1. കൊച്ചി, തിരുവനന്തപുരം നഗരങ്ങളിലെ വിവിധ മേഖലകളിലേക്കുള്ള ജലവിതരണത്തിലെ ഏറ്റക്കുറച്ചിലുകൾ ഒഴിവാക്കി സുസ്ഥിരമായ 24x7 കുടിവെള്ളവിതരണം ഉറപ്പാക്കുക.<br>2. നഗരപരിധികളിലെ പിന്നാക്ക വിഭാഗങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് തടസ്സരഹിതവും, നീതിയുക്തവുമായ ശുദ്ധജലവിതരണം ഉറപ്പാക്കുക.<br>3. മെച്ചപ്പെട്ട ഉപഭോക്തൃ സേവനവും, ശുദ്ധജലവിതരണത്തിലെ ഗുണനിലവാരവും ഉറപ്പാക്കുക.<br>4. പദ്ധതി പൂർത്തീകരണത്തോടുകൂടി കണക്കിൽപ്പെടാതെ പോകുന്ന കുടിവെള്ളം (Non Revenue Water -NRW) ദേശീയ അളവുകോലിനു തുല്യമായ 20 ശതമാനത്തിൽ എത്തിക്കുക. |

| | | | |
|---|---|---|---|
| | | | 5. വിവിധ തലങ്ങളിലെ ജീവനക്കാർക്കുള്ള പരിശീലനപരിപാടികൾ ഉൾപ്പെടെയുള്ള സ്ഥാപന ശാക്തീകരണ നടപടികൾ നടപ്പിലാക്കി, ഉയർന്ന കാര്യക്ഷമത കൈവരിച്ചുകൊണ്ട് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക.<br><br>പദ്ധതിയുടെ കാലാവധി 10 വർഷമാണ്. ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും, തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജലശുദ്ധീകരണശാലകളുടെ നവീകരണവും ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ ജലവിതരണശൃംഖലയുടെ നവീകരണവും, ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപനശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>ADB മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇമ്പ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൽട്ടന്റ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൽട്ടൻസിയെ തിരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും തുടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. കൊച്ചി കോർപ്പറേഷനിൽ ആദ്യ ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും പത്ത് വർഷത്തേക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിക്കായുള്ള ദർഘാസ് 26.04.2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുള്ളതാണ്. |
| (ബി) | കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്ന കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ നാളിതുവരെ നടന്ന പ്രവർത്തന പുരോഗതിയുടെ വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെൻറ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ നൽകിയിട്ടുണ്ട്. ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. |

പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയും വിധമാണ്.

1. കൊച്ചി, തിരുവനന്തപുരം നഗരങ്ങളിലെ വിവിധ മേഖലകളിലേക്കുള്ള ജലവിതരണത്തിലെ ഏറ്റക്കുറച്ചിലുകൾ ഒഴിവാക്കി സുസ്ഥിരമായ 24x7 കുടിവെള്ളവിതരണം ഉറപ്പാക്കുക.
2. നഗരപരിധികളിലെ പിന്നാക്ക വിഭാഗങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് തടസ്സരഹിതവും, നീതിയുക്തവുമായ ശുദ്ധജലവിതരണം ഉറപ്പാക്കുക.
3. മെച്ചപ്പെട്ട ഉപഭോക്തൃ സേവനവും, ശുദ്ധജലവിതരണത്തിലെ ഗുണനിലവാരവും ഉറപ്പാക്കുക.
4. പദ്ധതി പൂർത്തീകരണത്തോടുകൂടി കണക്കിൽപ്പെടാതെ പോകുന്ന കുടിവെള്ളം (Non Revenue Water -NRW) ദേശീയ അളവുകോലിനു തുല്യമായ 20 ശതമാനത്തിൽ എത്തിക്കുക.
5. വിവിധ തലങ്ങളിലെ ജീവനക്കാർക്കുള്ള പരിശീലനപരിപാടികൾ ഉൾപ്പെടെയുള്ള സ്ഥാപന ശാക്തീകരണ നടപടികൾ നടപ്പിലാക്കി, ഉയർന്ന കാര്യക്ഷമത കൈവരിച്ചുകൊണ്ട് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക.

പദ്ധതിയുടെ കാലാവധി 10 വർഷമാണ്. ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും, തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജലശുദ്ധീകരണശാലകളുടെ നവീകരണവും ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ ജലവിതരണശൃംഖലയുടെ നവീകരണവും, ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപനശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

ADB മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇമ്പ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൽട്ടന്റ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൽട്ടൻസിയെ തിരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും തുടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. കൊച്ചി കോർപ്പറേഷനിൽ ആദ്യ ഘട്ടമായി നടപ്പിലാക്കുവാൻ

| | | | |
|---|---|---|---|
| | | | ഉദ്ദേശിയ്ക്കുന്ന കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിയ്ക്കലും, വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിയ്ക്കായുള്ള ദർഘാസ് 26.04.2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ